52/2019

# എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: കെ.മൊഹമ്മദ് വൈ സഫീറുള്ള ഐ.എ.എസ് )

നമ്പർ ബി3-8141/2017

തീയതി:09.01.2019

വിഷയം : പൊന്നുംവില, കോതമംഗലം ഡബിംഗ് യാർഡിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിലേക്കുള്ള സ്ഥലമെടുപ്പ് - സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന :
1. എസ്.ഐ.എ യൂണിറ്റായ യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന അന്തിമ റിപ്പോർട്ട്
2. ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ 22.11.2018 തീയതിയിലെ ഇതേ നമ്പർ നടപടി ക്രമം
3. വിദഗ്ധസമിതി ചെയർമാർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറലിന്റെ 26.12.2018 തീയതിയിലെ ബി3-1009/17 നമ്പർ റിപ്പോർട്ട്

********

കോതമംഗലം ഡബിംഗ് യാർഡിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിലേക്കുള്ള സ്ഥലമെടുപ്പ് സംബന്ധിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് 23.09.2017 തീയതിയിൽ കോതമംഗലം മുസിപ്പാലിറ്റി അർത്ഥനാ പത്രം സമർപ്പിച്ചിട്ടുള്ളതും 05.10.2017 തീയതിയിൽ പുതുക്കി സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതു പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ കാക്കനാട്-നെ പൊന്നുംവില ഓഫീസറായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ നിയമിച്ചിട്ടുള്ളതാണ്. RFCT LARR Act 2013 പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ ((YSSO) നിയോഗിച്ചിട്ടുള്ളതാണ്.

RFCTLARR ആക്ട് സെക്ഷൻ 4(1) പ്രകാരമുള്ള വിജ്ഞാപനം സർക്കാർ അംഗീകരിച്ചിട്ടുള്ളതും ആയത് നിയമാനുസൃതം കേരള (അസാധാരണ) ഗസറ്റിലും, കോതമംഗലം മുനിസിപ്പാലിറ്റി, ജില്ലാ കളക്ടേറ്റ് ആർ.ഡി.ഒ ഓഫീസ് താലൂക്ക് ഓഫീസ്, ബാധിക്കപ്പെട്ട പ്രദേശം എന്നിവിടങ്ങളിലും ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം ടി പദ്ധതി നിലവിൽ വരുന്നത് കൊണ്ട് ആരേയും പുനരധിവസിപ്പിക്കേണ്ടതില്ലെന്നും പ്രസ്തുത പദ്ധതി പൂർത്തികരിക്കുന്നത് വഴി കോതമംഗലം മുനിസിപ്പൽ പ്രദേശത്തെ വർദ്ധിച്ചുവരുന്ന മാലിന്യ പ്രശ്നത്തിന് പരിഹാരമാകുമെന്നും ടി പദ്ധതി 2013 ലെ 30-)0 നമ്പർ ആക്ടിലെ സെക്ഷൻ 2(1) ബി(1) പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന്റെ

നിർവ്വചനത്തിൽ വരുന്നതിനാൽ പൊതുജനതാല്പര്യത്തെ മുൻ നിർത്തി ഒഴിവാക്കാനാവാത്ത ആവശ്യമായി കണക്കാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണെന്നും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി 22.11.2018 തീയതിയിലെ സി3-8141/2017 നമ്പർ നടപടിക്രമം പ്രകാരം വിദഗ്ധസമിതി രൂപീകരിച്ച് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതാണ്.

ഇത് സംബന്ധിച്ച് 07.12.2018 തീയതി വൈകിട്ട് 4.00 മണിക്ക് ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ ചേമ്പറിൽ ചേർന്ന വിദഗ്ധ സമിതി യോഗം സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും വിശദമായ ചർച്ചകൾക്കു ശേഷം മേൽ വസ്തുതകൾ പരിഗണിച്ച് പൊതുജനതാല്പര്യത്തെ മുൻ നിർത്തി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് ശുപാർശ ചെയ്യാവുന്നതാണെന്ന് യോഗം ഐക്യകണ്ഠേന തീരുമാനിക്കുകയും, ഈ തീരുമാനം യോഗത്തിൽ പങ്കെടുത്ത എല്ലാ വിദഗ്ധസമിതി അംഗങ്ങളും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

ടി സാഹചര്യത്തിൽ കോതമംഗലം വില്ലേജ് 959/1 എം/2/2 സർവ്വേ നമ്പറിലുള്ള 2.4489 ഹെക്ടർ സ്ഥലം പൊന്നുംവില നടപടികൾ പ്രകാരം ഏറ്റെടുക്കുന്നതിന് LARRAct 2013 സെക്ഷൻ 8(1), (2) എന്നിവ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇതിനോടൊപ്പം തന്നെ ഈ ഉത്തരവിന്റെ പകർപ്പ് സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും പൊന്നുംവില തഹസിൽദാരെ ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)
ജില്ലാകളക്ടർ
അംഗീകാരത്തോടെ

ജില്ലാകളക്ടർക്കുവേണ്ടി

പകർപ്പ്

1. സ്പെഷ്യൽ തഹസിൽദാർ, (എൽ.എ) ജനറൽ
   കാക്കനാട്
2. സെക്രട്ടറി, കോതമംഗലം നഗരസഭ.

96/31.12.2018

33